പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫിന്റെതുടർപദ്ധതി</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1542

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എളമരം കരീം | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫിന്റെ തുടർപദ്ധതി പൂർത്തീകരിക്കുന്നതിനായി 2012-13-ൽ സംസ്ഥാന വിഹിതമായി എന്തു തുക നീക്കിവച്ചിരുന്നു; | (എ) | 2012-13-ൽ സംസ്ഥാന വിഹിതമായി ജില്ലാ പഞ്ചായത്തിന് 450 ലക്ഷവും ബ്ലോക്ക് പഞ്ചായത്തിൽ 680 ലക്ഷവും ഗ്രാമപഞ്ചായത്തിന് 250 ലക്ഷവും കൂടി മൊത്തം 1380 ലക്ഷം രൂപ നീക്കി വച്ചിരുന്നു. |
| (ബി) | നീക്കിവയ്ക്കപ്പെട്ട തുകയിൽ എന്തു തുക വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു; | (ബി) | ജില്ലാ പഞ്ചായത്തിന് 409.30 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിന് 289.02 ലക്ഷം രൂപയും ഗ്രാമ പഞ്ചായത്തിന് 43.35 ലക്ഷം രൂപയും അനുവദിച്ചു. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ സർക്കാർ മുന്നോട്ടുവച്ച ഭൗതിക ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; ആയത് നേടാൻ സാധിച്ചുവോ; വിശദമാക്കാമോ ? | (സി) | ട്രാഞ്ചെ XII മുതൽ XVIII ട്രാഞ്ചെ വരെയുള്ള പദ്ധതികളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. വിവിധ ട്രാഞ്ചെകളിലായി ജില്ലാ പഞ്ചായത്തിന്റെ 47 പ്രോജക്ടുകളിൽ 9 എണ്ണം പൂർത്തിയാക്കുകയും ബ്ലോക്ക് പഞ്ചായത്തിന്റെ 41 പ്രോജക്ടുകളിൽ 8 പ്രോജക്ടുകൾ പൂർത്തിയാക്കുകയും ഗ്രാമപഞ്ചായത്തിന്റെ 36 പ്രോജക്ടുകളിൽ 5 പ്രോജക്ടുകൾ പൂർത്തിയാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ